മാധ്യമം

**18 January 2017**

# സമഗ്ര ജലപരിഷ്കരണ നിയമം: ശാസ്ത്ര സമൂഹത്തിൻെറ പിന്തുണ അനിവാര്യം -മന്ത്രി

കൊച്ചി: മത്സ്യമേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും ഉന്നമനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന സമഗ്ര ജലപരിഷ്കരണ നിയമം (അക്വേറിയൻ റിഫോംസ്) രൂപപ്പെടുത്തുന്നതിന് ശാസ്ത്രസമൂഹത്തിൻെറ സഹകരണം വേണമെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക്. കേന്ദ്ര സമുദ്രഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) വിവിധ വകുപ്പ് മേധാവികളുമായുള്ള കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

സമഗ്ര ജലപരിഷ്കരണ നിയമം സംസ്ഥാന സർക്കാറിൻെറ മുൻഗണനാ പട്ടികയിലുള്ളതാണ്. സമുദ്രസമ്പത്ത് ഗണ്യമായികുറയുന്ന സാഹചര്യത്തിൽ സുസ്ഥിര പരിപാലന രീതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

എന്നാൽ, പ്രായോഗികമായ പരിഷ്കരണങ്ങൾ വഴി മാത്രമേ ഇത് നടപ്പിലാക്കാനാകൂ. കടൽ ജീവികളിൽ നിന്നുള്ള മൂല്യവർധിത ഉൽപാദനം കാര്യക്ഷമമാക്കണം. അഷ്ടമുടിക്കായലിലെ കക്ക വർഗങ്ങൾക്ക് രാജ്യാന്തര ഏജൻസിയായ മറൈൻ സ്റ്റീവാർഡ്ഷിപ്പ് കൗൺസിലിൻെറ (എം.എസ്.സി) അംഗീകാര പത്രം ലഭ്യമാക്കിയതു പോലെ വേമ്പനാട്ട് കായലിലെ കക്കയുടെ സുസ്ഥിര പരിപാലനത്തിലും ഗുണമേൻമയുള്ള ഉൽപാദനത്തിനും സി.എം.എഫ്.ആർ.ഐ മുൻകൈയെടുക്കണമെന്നും ധനമന്ത്രി പറഞ്ഞു. സി.എം.എഫ്.ആർ.ഐയുടെ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ഡയറക്ടർ ഡോ.ഗോപാലകൃഷ്ണൻ വിശദീകരിച്ചു.

മന്ത്രിയുമായി നടന്ന കൂടിക്കാഴ്ചയിൽ വിവിധ ഡിവിഷൻ മേധാവികളായ ഡോ. ആർ. നാരായണകുമാർ, ഡോ. പി.വിജയഗോപാൽ, ഡോ. ടി.വി. സത്യാനന്ദൻ, ഡോ.കെ.കെ.ജോഷി, ഡോ. പി.യു.സക്കറിയ, ഡോ.വി. കൃപ, ഡോ.ഇമൽഡ ജോസഫ്, ഡോ.ബോബി ഇഗ്നേഷ്യസ് എന്നിവർ പങ്കെടുത്തു.